ഉദ്യോഗസ്ഥന്റെ ടെലിഫോൺ നമ്പരും ഇ-മെയിൽ അഡ്രസും ഉൾപ്പെടുത്തണമെന്നും നിർദ്ദേശിച്ച് 7-1-2010-ൽ 79342/സി.ഡി.എൻ.4/09/പൊഭവ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അനുബന്ധം 1-ആയി ചേർത്തിട്ടുണ്ട്.*

(ബി) ലഭ്യമാകുന്ന പരാതികൾ പരിശോധിച്ച് സ്വീകരിക്കുന്ന നടപടികൾ പരാതിക്കാരനെ അറിയിച്ചുവരുന്നുണ്ട്.

വൺടൈം സെറ്റിൽമെന്റ് പദ്ധതി

10 (1536) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ഡിപ്പാർട്ടുമെന്റുകളിൽ വൺടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പാക്കി കടബാദ്ധ്യതമൂലം കഷ്ടപ്പെടുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) 2011 മാർച്ച് 31 വരെ ഈ ആനുകൂല്യം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇങ്ങനെ പ്രഖ്യാപിക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ ജീവനക്കാർ നടത്തുന്ന പണിമുടക്കുകളെ സംബന്ധിച്ച ഗവൺമെന്റ് നയം

11 (1537) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർ അവരുടെ അവകാശങ്ങൾക്ക് വേണ്ടി നടത്തുന്ന പണിമുടക്കുകളെ സംബന്ധിച്ചും ദേശീയതലത്തിൽ ആഹ്വാനം ചെയ്യപ്പെടുന്ന പൊതുപണിമുടക്കുകളിൽ ഗവൺമെന്റ് ജീവനക്കാർ പങ്കെടുക്കുന്നതിനെ സംബന്ധിച്ചുമുള്ള നയമെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന ഗവൺമെന്റ് ജീവനക്കാർ നോട്ടീസ് നൽകി എത്രപണിമുടക്കുകൾ നടത്തി ; നോട്ടീസില്ലാതെ പണിമുടക്ക് നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ദേശീയതലത്തിൽ വിവിധ ട്രേഡ് യൂണിനുകളുടെ ആഹ്വാന പ്രകാരം നടന്ന പണിമുടക്കുകളിൽ എത്രഎണ്ണത്തിൽ സംസ്ഥാന ഗവൺമെന്റ് ജീവനക്കാർ പങ്കെടുത്തു ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly